# സൂറ-29 / അൽ അൻകബൂത്ത്

**സൂക്തം: 65-69**

ബുദ്ധിമുട്ടുകളും വിപത്തുകളും നേരിടുമ്പോൾ പതറാതെ, പരിഭ്രമിക്കാതെ, ന്യായത്തിന്റെയും മിതത്വത്തിന്റെയും അതിരു ലംഘിക്കാതെ, ശാന്തചിത്തരായി അല്ലാഹുവിൽ സർവം സമർപ്പിച്ചുകൊണ്ട് ദൃഢപാദരായി സത്യത്തിലും ധർമത്തിലും നീതിയിലും ചരിക്കുകയാണ് ദീനിയായ احسان. അത്തരക്കാരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കും. അവരുടെ നീക്കങ്ങളെ അവൻ സഹായിച്ചുകൊണ്ടിരിക്കും. അവരുടെ ശ്രമം ഭൗതികദൃഷ്ട്യാ പരാജയമായാലും പരലോകത്ത് വിജയമായി കുറിക്കപ്പെടും.



فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾

65. ജനം കപ്പലിൽ സഞ്ചരിച്ചാൽ കൂറും വിധേയത്വവും അല്ലാഹുവിനു മാത്രം അർപ്പിച്ചുകൊണ്ട് നിഷ്കളങ്കരായി അവനോടു പ്രാർഥിക്കുന്നു. അവൻ കരയിലേക്കു രക്ഷപ്പെടുത്തിയാലോ, അവരതാ അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നു;

لِيَكْفُرُوا بِمَا آتَيْنَاهُمْ وَلِيَتَمَتَّعُوا ۖ فَسَوْفَ يَعْلَمُونَ ﴿٦٦﴾

66. നാം നൽകിയ രക്ഷയോട് കൃതഘ്നരാവാനും ഭൗതിക സുഖഭോഗങ്ങളനുഭവിക്കാനും. ശരി, പിന്നീട് അവർ അറിയുന്നുണ്ട്.

**65,66**

فَإِذَا رَكِبُوا = അവർ (ജനം) വാഹനം കയറി സഞ്ചരിച്ചാൽ فِي الْفُلْكِ = കപ്പലിൽ
دَعَوُا اللَّهَ = അവർ അല്ലാഹുവിനോട് പ്രാർഥിച്ചു (ർഥിക്കുന്നു)
مُخْلِصِينَ لَهُ الدِّينَ = വണക്കം (കൂറും വിധേയത്വവും) അവനു മാത്രം അർപ്പി(ച്ചുകൊണ്ട്)ക്കുന്നവരായിട്ട്
فَلَمَّا نَجَّاهُمْ = അവൻ അവരെ രക്ഷപ്പെടുത്തിയപ്പോൾ(ത്തിയാലോ) إِلَى الْبَرِّ = കരയിലേക്ക്
إِذَا هُمْ يُشْرِكُونَ = അവരതാ (അല്ലാഹുവിന്) പങ്കാളികളെ കൽപിക്കുന്നു
لِيَكْفُرُوا = അവർ നന്ദികേട് കാണിക്കാൻ (കൃതഘ്നരാവാനും)
بِمَا آتَيْنَاهُمْ = നാം അവർക്ക് നൽകിയതിനു (നൽകിയ രക്ഷയോട്)
وَلِيَتَمَتَّعُوا = അവർ സുഖിക്കാനും (ഭൗതിക സുഖഭോഗങ്ങളനുഭവിക്കാനും)
فَسَوْفَ يَعْلَمُونَ = (ശരി) പിന്നീട് അവർ അറിയുന്നുണ്ട്

എല്ലാ ബഹുദൈവാരാധകരുടെയും മനസ്സിന്റെ അടിത്തട്ടിൽ ഏകദൈവബോധം നിലനിൽക്കുന്നുണ്ട്. പിന്നീടുണ്ടായ ബഹുദൈവ സങ്കൽപങ്ങൾ ആ ബോധത്തെ മൂടി നിഷ്പ്രഭമാക്കിയിരിക്കുകയാണ്. ആരും ചോദിക്കാതെ തന്നെ ഏകദൈവബോധം ഉണർന്നുവരികയും അതു സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്ന ചില സന്ദർഭങ്ങളുണ്ട്. ഗുരുതരമായ അത്യാഹിതങ്ങൾ നേരിടുകയും സ്വന്തം കഴിവുകളോ സങ്കൽപ ദൈവങ്ങളോ തങ്ങളെ രക്ഷിക്കാനില്ലെന്ന് ബോധ്യമാവുകയും ചെയ്യുന്ന സന്ദർഭമാണത്. അപ്പോഴവർ സാക്ഷാൽ ദൈവത്തെ ഓർക്കുകയും അവനു മാത്രമേ രക്ഷിക്കാനാകൂ എന്ന് സമ്മതിച്ച് അവനോട് പ്രാർഥിക്കുകയും ചെയ്യുന്നു. ഇവിടെ ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നത് കടൽ യാത്രയാണ്. ഭൗതിക ജീവിതം പാരത്രിക ജീവിതത്തെ അപേക്ഷിച്ച് കേവലം കളിതമാശയാണ് എന്നതിനു കൂടി ഉദാഹരണമാണിത്. വ്യാപാര സമൂഹമായതിനാൽ സമുദ്ര സഞ്ചാരം സാധാരണമായിരുന്ന അറബികൾക്ക് ഈ ഉദാഹരണം എളുപ്പത്തിൽ മനസ്സിലാവും.

فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ എന്ന വാക്യത്തിന്റെ താൽപര്യം അവർ കപ്പലിൽ കയറിയാലുടനെ അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചു തുടങ്ങുന്നു എന്നല്ല. ഭൗതികപ്രമത്തരായ സഞ്ചാരികളുടെ കപ്പലുകൾ ശാന്തമായ സമുദ്രത്തിൽ സുഗമമായി ഒഴുകുമ്പോൾ തങ്ങളുടെ ശാസ്ത്രീയമായ കണക്കുകൂട്ടലുകളും സാങ്കേതിക സജ്ജീകരണങ്ങളും തങ്ങളുടെ ആജ്ഞാനുസാരം പ്രവർത്തിക്കുന്നു, അല്ലെങ്കിൽ തങ്ങൾ പൂജിക്കുന്ന ദൈവങ്ങൾ തങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്ന് നിഗളിക്കും. പിന്നെ പെട്ടെന്ന് ഒരു കൊടുങ്കാറ്റോ കടൽ ക്ഷോഭമോ ഉണ്ടായാൽ അവർ പരിഭ്രാന്തരാവുകയായി. സാങ്കേതിക സജ്ജീകരണങ്ങൾ വീണ്ടും വീണ്ടും പരിശോധിച്ചു പുനഃക്രമീകരിക്കുന്നു. പരദൈവങ്ങളെ ഓരോരുത്തരെയായി വിളിച്ചു പ്രാർഥിക്കുന്നു. ആരും രക്ഷക്കെത്തുന്നില്ല. ഒടുവിൽ ഇനിയെന്ത് എന്ന ചോദ്യത്തിന് ഉത്തരമായി അവരുടെ മനസ്സിൽ സാക്ഷാൽ സത്യദൈവത്തെക്കുറിച്ചുള്ള ബോധം ഉയർന്നുവരുന്നു. അങ്ങനെ കൂറും വിധേയത്വവും അവ വിശ്വാസവും അവനിൽ മാത്രം അർപ്പിച്ചുകൊണ്ട് അവനോട് പ്രാർഥിക്കുന്നു. സൂറ: *യൂനുസ്* 22-ാം സൂക്തം ഈ ആശയം കുറേക്കൂടി വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു:

هُوَ الَّذِي يُسَيِّرُكُمْ فِي الْبَرِّ وَالْبَحْرِ ۖ حَتَّىٰ إِذَا كُنتُمْ فِي الْفُلْكِ وَجَرَيْنَ بِهِم بِرِيحٍ طَيِّبَةٍ وَفَرِحُوا بِهَا جَاءَتْهَا رِيحٌ عَاصِفٌ وَجَاءَهُمُ الْمَوْجُ مِن كُلِّ مَكَانٍ وَظَنُّوا أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ لَئِنْ أَنجَيْتَنَا مِنْ هَٰذِهِ لَنَكُونَنَّ مِنَ الشَّاكِرِينَ ﴿٢٢﴾

(അവനാകുന്നു നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നത്. അങ്ങനെ നിങ്ങൾ കപ്പലിൽ കയറി അനുകൂല വാതത്താൽ സന്തുഷ്ടരായി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു കൊടുങ്കാറ്റ് വന്നെത്തുന്നു. നാനാവശത്തുനിന്നും തിരമാലകൾ ആഞ്ഞടിക്കുന്നു. അത്യാഹിതത്താൽ വലയം ചെയ്യപ്പെട്ടുകഴിഞ്ഞു എന്ന് സഞ്ചാരികൾ ഉത്കണ്ഠാകുലരാകുന്നു. ആ സന്ദർഭത്തിൽ അവർ നിഷ്കളങ്കരായി കൂറും വണക്കവും അല്ലാഹുവിനു മാത്രം അർപ്പിച്ച് പ്രാർഥിക്കുകയായി: നാഥാ, ഈ അത്യാഹിതത്തിൽനിന്ന് നീ ഞങ്ങളെ രക്ഷിച്ചെങ്കിൽ തീർച്ചയായും ഞങ്ങൾ നിന്റെ നന്ദി നിറഞ്ഞ ദാസന്മാരാകും). مُخْلِصِينَ لَهُ الدِّينَ -ന്റെ ആശയം *യൂനുസി*ലെ ഈ സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിരിക്കുന്നു. ഈ സന്ദിഗ്ധ ഘട്ടത്തിൽ അവരുടെ ഭക്തിയും വിധേയത്വവും അല്ലാഹുവിനോടു മാത്രമായിരിക്കും. പരദൈവങ്ങളെയെല്ലാം വിസ്മരിക്കും. പക്ഷേ, അപകടത്തിൽനിന്ന് രക്ഷപ്പെട്ടാൽ പഴയ ബഹുദൈവത്വത്തിലേക്കും മാർഗച്യുതിയിലേക്കും തന്നെ മടങ്ങിപ്പോകുന്നു. അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞ മറന്നുകളയുന്നു. ജീവൻ രക്ഷപ്പെട്ടതിന്റെ മുഴുവൻ ഉത്തരവാദിത്തവും ബഹുദൈവങ്ങളിൽ ആരോപിച്ച് പൂജാദി കർമങ്ങളിലൂടെ അവക്കു നന്ദി പ്രകടിപ്പിക്കുന്നു. അങ്ങനെ അവൻ അവർക്കരുളിയ രക്ഷ തന്നെ അവർ അവനെ നിന്ദിക്കാനും അവന്റെ അനുഗ്രഹങ്ങൾ നിഷേധിക്കാനും കരുവാക്കുന്നു.

അത്യാഹിതത്തിൽനിന്ന് രക്ഷപ്പെട്ടത് ഇന്നയിന്ന മൂർത്തികളുടെ ഊറ്റം കൊണ്ടാണ്, ഇന്നയിന്ന ദേവന്മാരുടെ അനുഗ്രഹം കൊണ്ടാണ്, ഇന്നയിന്ന പ്രതിഷ്ഠകൾക്ക് വഴിപാട് നേർന്നതുകൊണ്ടാണ് എന്നൊക്കെ പ്രകീർത്തിക്കുന്നു. തൗഹീദിൽ നീക്കുപോക്കില്ലാതെ വിശ്വസിക്കുന്നവരെന്ന് അവകാശപ്പെടുന്ന മുസ്‌ലിംകളുടെ കൂട്ടത്തിലും ഇത്തരം ആളുകളെ കാണാം. അവർ അത്യാപത്തുകളിൽനിന്ന് രക്ഷപ്പെട്ടാൽ അതിന്റെ കീർത്തിയും ബഹുമതിയും അല്ലാഹുവല്ലാത്തവരിൽ ചാർത്തിക്കൊണ്ട് ഘോഷിക്കുന്നു: രക്ഷ കിട്ടിയത് ഇന്നയിന്ന ശൈഖന്മാരുടെ ശഫാഅത്ത്കൊണ്ടാണ്, പുണ്യാത്മാക്കളുടെ ബറകത്തുകൊണ്ടാണ്, സിദ്ധന്മാരുടെ സിദ്ധികൊണ്ടാണ്, ഇന്നയിന്ന ജാറങ്ങളിലേക്ക് നേർച്ചകൾ നേർന്നതുകൊണ്ടാണ്....... ഇത് നിങ്ങൾ വിശ്വസിക്കുന്ന തൗഹീദിന് എതിരാണെന്നുപദേശിച്ചാൽ ഉപദേശിക്കുന്നവർ പൂർവിക പുണ്യാത്മാക്കളെ നിന്ദിക്കുന്നവരായി മുദ്രയടിക്കപ്പെടുന്നു.

لِيَكْفُرُوا بِمَا آتَيْنَاهُمْ എന്നതിന്റെ താൽപര്യം അല്ലാഹു നൽകിയ അനുഗ്രഹത്തെ നിഷേധിക്കാൻ വേണ്ടി അവർ അവനിൽ പങ്കാളികളെ ആരോപിക്കുന്നു എന്നല്ല; പങ്കാളികളെ ആരോപിക്കുന്നതിന്റെ ഫലം അല്ലാഹു അരുളിയ അനുഗ്രഹത്തെ നിഷേധിക്കുകയാണ് എന്നാകുന്നു. وَلِيَتَمَتَّعُوا എന്നതിന്റെ താൽപര്യം, ദൈവത്തിന് പങ്കാളികളെ ആരോപിക്കുകയും തൽഫലമായി ദൈവാനുഗ്രഹത്തെ നിഷേധിക്കുകയും ചെയ്യുന്നതിന്റെ ലക്ഷ്യം ക്ഷണികമായ ഭൗതിക സുഖഭോഗങ്ങളനുഭവിക്കുകയാണ് എന്നും. لِيَكْفُرُوا വിലെ 'ل' ശബ്ദം അനന്തര ഫലത്തെയും لِيَتَمَتَّعُوا വിലെ 'ل' ലക്ഷ്യത്തെയും സൂചിപ്പിക്കുന്നു. ഈ രണ്ടു 'ل' -കളും ശാസന ക്രിയയെ സൂചിപ്പിക്കുന്നതാണെന്ന് ചില ഭാഷാ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. وليطوّفوا (അവർ ത്വവാഫ് ചെയ്യട്ടെ) എന്നു പറഞ്ഞതുപോലെ. സാകിനായ അക്ഷരം (لْ) കൊണ്ടുള്ള തുടക്കം സുഖകരമല്ലാത്തതുകൊണ്ട് അതിന് ഇകാരം നൽകിയതാണ്. അതിനോട് സമരസപ്പെടുത്താൻ രണ്ടാമത്തെ ലാമിനും ഇകാരം നൽകി. فَسَوْفَ يَعْلَمُونَ -ശക്തമായ താക്കീതാണ്. ഗതിമുട്ടുമ്പോൾ പരദൈവങ്ങളെ മറന്ന് അല്ലാഹുവിൽ ശരണം തേടുകയും ആപത്തകന്നാൽ അല്ലാഹുവിനെ മറന്ന് പരദൈവങ്ങളിലേക്ക് മടങ്ങുകയും ചെയ്യുന്ന നടപടിയുടെ തിക്തമായ അനന്തരഫലം എന്തെന്ന് പിന്നീട് പാരത്രിക ജീവിതത്തിൽ അവർ ശരിക്കും അറിയാൻ പോകുന്നു.

*അർറൂം* 33,34 സൂക്തങ്ങളിലും ഈ താക്കീത് ആവർത്തിക്കുന്നത് കാണാം:

وَإِذَا مَسَّ النَّاسَ ضُرٌّ دَعَوْا رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَا أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾ لِيَكْفُرُوا بِمَا آتَيْنَاهُمْ ۚ فَتَمَتَّعُوا فَسَوْفَ تَعْلَمُونَ ﴿٣٤﴾

(ദുരിതം ബാധിച്ചാൽ സ്വന്തം നാഥനിലേക്കു മടങ്ങി അവനോട് പ്രാർഥിക്കുകയും എന്നിട്ട് അവൻ അവരെ കാരുണ്യം രുചിപ്പിച്ചാൽ? ഉടനെ അവരിലൊരു വിഭാഗം നാഥന് പങ്കാളികളെ ആരോപിക്കുകയുമത്രെ ജനത്തിന്റെ സ്വഭാവം. നാം ചെയ്ത ഔദാര്യത്തിനു നന്ദികേട് കാണിക്കാൻ. ശരി, സുഖിച്ചുകൊള്ളുവിൻ. പിന്നീട് നിങ്ങൾ അറിയുന്നുണ്ട്). ●

---

أَوَلَمْ يَرَوْا أَنَّا جَعَلْنَا حَرَمًا آمِنًا وَيُتَخَطَّفُ النَّاسُ مِنْ حَوْلِهِمْ ۚ أَفَبِالْبَاطِلِ يُؤْمِنُونَ وَبِنِعْمَةِ اللَّهِ يَكْفُرُونَ ﴿٦٧﴾

67. അവർക്കു നാം നിർഭയമായ ഒരു പാവന ദേശം സംവിധാനിച്ചുകൊടുത്തത് അവർ കണ്ടില്ലയോ? അവരുടെ ചുറ്റുപാടിൽനിന്നും ആളുകൾ റാഞ്ചിയെടുക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. അവർ മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ ഔദാര്യം നിഷേധിക്കുകയുമാണോ?

**67**

أَوَلَمْ يَرَوْا = അവർ കണ്ടില്ലയോ أَنَّا جَعَلْنَا = എന്തെന്നാൽ നാം ആക്കിയത് (സംവിധാനിച്ചുകൊടുത്തത്)
حَرَمًا آمِنًا = നിർഭയമായ ഒരു ഹറം (പാവന ദേശം)
وَيُتَخَطَّفُ النَّاسُ = ആളുകൾ റാഞ്ചപ്പെടുന്നു (റാഞ്ചിയെടുക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ)
مِنْ حَوْلِهِمْ = അവരുടെ ചുറ്റുപാടിൽനിന്നും
أَفَبِالْبَاطِلِ يُؤْمِنُونَ = അവർ മിഥ്യയിലാണോ വിശ്വസിക്കുന്നത് (മിഥ്യയിൽ വിശ്വസിക്കുകയും)
وَبِنِعْمَةِ اللَّهِ = അല്ലാഹുവിന്റെ ഔദാര്യം يَكْفُرُونَ = അവർ നിഷേധിക്കുകയുമാണോ

ഇതു തന്നെയാണ് യഥാർഥ ദൈവത്തോട് നന്ദിയും കൂറുമില്ലാതെ കൃത്രിമ ദൈവങ്ങളെ ആരാധിക്കുന്ന ഒരു വിഭാഗം ഖുറൈശികളുടെയും അവസ്ഥ. അവർ സ്വന്തം ചരിത്രം പോലും മനസ്സിലാക്കുന്നില്ല. വളരെ സമാധാനത്തോടെ ജീവിച്ചു വരുന്ന സുരക്ഷിതമായ ഒരു പാവന സ്ഥലം നാം അവർക്ക് സംവിധാനിച്ചുകൊടുത്തിരിക്കുന്നു. അവർക്ക് ചുറ്റുമുള്ള ജനപദങ്ങൾ തികഞ്ഞ അരക്ഷിതത്വത്തിലാണ്. ഏതു നിമിഷവും അക്രമിക്കപ്പെടാം, ഉച്ചാടനം ചെയ്യപ്പെടാം. ആരുടെയും ജീവനും സമ്പത്തിനും ഒരുറപ്പുമില്ല. ഹറം സംവിധാനിച്ചു കൊടുത്തത് അവർ പൂജിക്കുന്ന ഏതെങ്കിലും ഉപദൈവമല്ല, സാക്ഷാൽ അല്ലാഹുവാണെന്ന് അവർക്കു നന്നായറിയാം. പക്ഷേ, ഈ മഹാനുഗ്രഹം ചൊരിഞ്ഞുകൊടുത്ത അല്ലാഹുവിനോട് അവർ കാണിക്കുന്ന കൃതജ്ഞത എന്താണ്? അവന്റെ നിർദേശമനുസരിച്ച് അവനെ മാത്രം ആരാധിക്കാൻ സ്ഥാപിതമായ അവന്റെ മന്ദിരത്തിൽ നൂറുകണക്കിന് വിഗ്രഹങ്ങൾ കൊണ്ടുവന്ന് പ്രതിഷ്ഠിച്ച് ആ മന്ദിരത്തിന്റെ ഉടമയായ അവനെ വെടിഞ്ഞ് അവന്റെ താണതരം സൃഷ്ടികളായ ശിലാഖണ്ഡങ്ങളെ ആരാധിച്ചുകൊണ്ടിരിക്കുന്നു. അവരോടൊന്നു ചോദിച്ചുനോക്കൂ; നിങ്ങൾ മിഥ്യകളിൽ വിശ്വസിക്കുകയും ഇപ്പറഞ്ഞ അനുഗ്രഹങ്ങളെല്ലാം അരുളിയ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയുമല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്?

ആഴത്തിൽ ആലോചിച്ചാൽ മുകളിൽ ഉദാഹരിച്ച കപ്പലും ഈ സൂക്തം ചിത്രീകരിക്കുന്ന ഖുറൈശി സ്വഭാവവും തമ്മിൽ നല്ല ചേർച്ചയുണ്ടെന്നു കാണാം. സ്വന്തം ആവാസകേന്ദ്രമായ ഹറം ഖുറൈശികൾക്ക് ഒരു രക്ഷാപേടകം പോലെയാണ്. എല്ലാ ആപൽഭീതികളിൽനിന്നും തികച്ചും മുക്തരായിക്കൊണ്ട് അവർക്ക് സുരക്ഷിതവും സ്വസ്ഥവുമായ ജീവിതം സാധ്യമാകുന്ന ഇടം. സൂറ: *അൽ ഖസ്വസ്വ്* 57-ാം സൂക്തത്തിനു താഴെയും മക്കയുടെ സവിശേഷ സുരക്ഷിതത്വം ചർച്ച ചെയ്തിരിക്കുന്നു. അല്ലാഹുവിനു വേണമെങ്കിൽ മറ്ററബികളുടേതു പോലെ ഖുറൈശികളുടെ പരിതഃസ്ഥിതിയും ഭീതിദവും സംഘർഷഭരിതവും ആക്കാമായിരുന്നു. കപ്പൽ ശാന്തമായ സാഗരത്തിൽ സുഗമമായി സഞ്ചരിക്കുമ്പോൾ സുരക്ഷിതത്വത്തിൽ നിഗളിച്ച് സകലതിന്റെയും കടിഞ്ഞാൺ തന്റെ കരത്തിലാണെന്ന് വീമ്പിളക്കുകയും ഒരാപത്ത് വന്നാൽ വേവലാതിയോടെ വിലപിച്ചു തുടങ്ങുകയുമാണ് മനുഷ്യന്റെ സ്വഭാവം. ●

---

وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِالْحَقِّ لَمَّا
جَاءَهُ ۚ أَلَيْسَ فِي جَهَنَّمَ مَثْوًى لِّلْكَافِرِينَ ﴿٦٨﴾

68. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ, അല്ലെങ്കിൽ തന്റെ മുന്നിൽ സമാഗതമായ സത്യത്തെ തള്ളിപ്പറഞ്ഞവനേക്കാൾ കവിഞ്ഞ ദൈവധിക്കാരി ആരുണ്ട്?! അത്തരം സത്യനിഷേധികളുടെ സ്ഥിര വാസസ്ഥലം നരകം തന്നെയല്ലയോ?

**68**

وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا = അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ കവിഞ്ഞ (ദൈവ)ധിക്കാരിയായവൻ ആരുണ്ട്
أَوْ كَذَّبَ بِالْحَقِّ = അല്ലെങ്കിൽ സത്യത്തെ തള്ളിപ്പറഞ്ഞവനേക്കാൾ (കവിഞ്ഞ ധിക്കാരി ആരുണ്ട്)
لَمَّا جَاءَهُ = അതു വന്നപ്പോൾ (സത്യം തന്റെ മുന്നിൽ സമാഗതമായപ്പോൾ)
أَلَيْسَ فِي جَهَنَّمَ = നരകത്തിൽ ഇല്ലയോ (നരകം തന്നെയല്ലയോ)
مَثْوًى = സ്ഥിര വാസസ്ഥലം لِّلْكَافِرِينَ = (അത്തരം സത്യ) നിഷേധികളുടെ

അറേബ്യൻ വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങളും കുറ്റകരമായ അനാചാരങ്ങളും നിരത്തിവെച്ച ശേഷം അവരോട് പറയുകയാണ്: ഇനി നല്ലവണ്ണം ആലോചിച്ചുനോക്കുക; അല്ലാഹുവിനെ കുറിച്ചും അവന്റെ ദീനിനെ കുറിച്ചും പ്രവാചകൻ നിങ്ങളോട് പറയുന്നതും അവൻ ബോധനം ചെയ്ത വേദമെന്ന പേരിൽ ഓതിക്കേൾപ്പിക്കുന്ന വചനങ്ങളുമെല്ലാം അദ്ദേഹം അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കൊടും കള്ളങ്ങളാണെങ്കിൽ അദ്ദേഹത്തേക്കാൾ കൊടിയ ദൈവധിക്കാരിയും അക്രമിയും ആരാണുണ്ടാവുക? അങ്ങനെയൊരാളാണ് അദ്ദേഹമെന്ന് യഥാർഥത്തിൽ നിങ്ങൾക്കു

തോന്നുന്നുണ്ടോ? افتراء കള്ളം കെട്ടിച്ചമക്കലാണ്. افتراء -നെ كَذِبًا (കളവായിട്ട്) എന്ന് വീണ്ടും വിശേഷിപ്പിച്ചതിലൂടെ افتراء ന്റെ അർഥത്തെ ശക്തിപ്പെടുത്തുകയും ആ കെട്ടിച്ചമക്കൽ അനവധാനമോ അശ്രദ്ധമോ ആയി സംഭവിച്ചതല്ല, കളവാണെന്നറിഞ്ഞുകൊണ്ട് മനഃപൂർവം നടത്തിയതാണ് എന്നു ധ്വനിപ്പിക്കുകയും ചെയ്യുന്നു. നേരെമറിച്ച് ഈ പ്രവാചകൻ അല്ലാഹു നിയോഗിച്ചതനുസരിച്ചു വന്ന സത്യപ്രവാചകനും അദ്ദേഹം പ്രബോധനം ചെയ്യുന്നത് അല്ലാഹു ബോധനം ചെയ്ത സത്യസന്ദേശവുമാണെങ്കിൽ ആ സത്യത്തെ തള്ളിപ്പറയുന്നവനെക്കാൾ വലിയ ദൈവധിക്കാരിയും അക്രമിയും ആരാണുണ്ടാവുക? ഇവിടെ افْتَرَىٰ عَلَى اللَّهِ കൊണ്ടുദ്ദേശ്യം ബഹുദൈവവാദമാണെന്നും حق കൊണ്ടുദ്ദേശ്യം ഖുർആൻ ആണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവരും സത്യം സമാഗതമായപ്പോൾ നിഷേധിച്ചവരും ഒരു കൂട്ടർ തന്നെയാണ്. لَمَّا جَاءَهُ സൂചിപ്പിക്കുന്നത് റസൂലിന്റെയും ഖുർആനിന്റെയും ആഗമനമാണ്. റസൂലും ഖുർആനും വരുന്നതിനു മുമ്പ് അല്ലാഹുവിനെക്കുറിച്ച് തെറ്റായ സങ്കൽപങ്ങൾ രൂപീകരിക്കുന്നതിനും അനാചാരങ്ങൾ പിന്തുടരുന്നതിനും ഒഴികഴിവുണ്ടായിരുന്നു, പ്രവാചകൻ വന്നുകഴിഞ്ഞ ശേഷം ആ നടപടിക്ക് യാതൊരു ന്യായവും അവശേഷിക്കുന്നില്ല എന്ന ആശയവും അതുൾക്കൊള്ളുന്നുണ്ട്. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ സന്ദർഭോചിതമായിട്ടുള്ളത്. അല്ലാഹുവിനെക്കുറിച്ച് കള്ളങ്ങൾ കെട്ടിച്ചമക്കുകയും അവന്റെ സത്യസന്ദേശം തള്ളിപ്പറയുകയും ചെയ്യുന്നവരുടെ ശാശ്വത ഗേഹം നരകമാണെന്ന കാര്യം സുസമ്മതമാണല്ലോ എന്നാണ് أَلَيْسَ فِي جَهَنَّمَ مَثْوًى لِّلْكَافِرِينَ എന്ന വാക്യത്തിന്റെ സാരം. ثوى (സ്ഥിരമായി പാർക്കുക) യിൽനിന്നുള്ള സ്ഥലനാമം - اسم مكان ആണ് مَثْوًى. ●

---

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ اللَّهَ لَمَعَ الْمُحْسِنِينَ ﴿٦٩﴾

69. നമ്മുടെ പ്രീതിക്കുവേണ്ടി ജിഹാദ് ചെയ്യുന്നവർക്കു നാം നമ്മുടെ വഴികൾ കാണിച്ചുകൊടുക്കുന്നതാകുന്നു. നിശ്ചയം അല്ലാഹു സുകൃതരോടൊപ്പം തന്നെയുണ്ട്.

**69**

وَالَّذِينَ جَاهَدُوا = (ജിഹാദ് ചെയ്ത(യ്യുന്ന)വർ(ക്ക്) فِينَا = നമ്മിൽ (നമ്മുടെ

لَنَهْدِيَنَّهُمْ = നാം അവർക്കു കാണിച്ചുകൊടുക്കും سُبُلَنَا = നമ്മുടെ വഴികൾ

وَإِنَّ اللَّهَ = തീർച്ചയായും അല്ലാഹു (ഉണ്ട്) لَمَعَ الْمُحْسِنِينَ = സുകൃതരോടൊപ്പം തന്നെ

വിശ്വാസത്തിന്റെ പേരിൽ മർദന പീഡനങ്ങൾക്കിരയായിക്കൊണ്ടിരുന്ന സത്യവിശ്വാസികളോട് അതിൽ അക്ഷമരാകരുതെന്നും കടുത്ത പരീക്ഷണങ്ങളെ ദൃഢചിത്തതയോടെ വിജയകരമായി തരണം ചെയ്യുന്നതിലൂടെയാണ് യഥാർഥ സത്യവിശ്വാസികൾ കപടന്മാരിൽനിന്നും വേർതിരിക്കപ്പെടുന്നതെന്നും ഉദ്ബോധിപ്പിച്ചുകൊണ്ടാണല്ലോ സൂറഃ ആരംഭിച്ചത്. ഒടുവിൽ ആ വിഷയം വീണ്ടും അനുസ്മരിച്ച് ദീനീമാർഗത്തിൽ പ്രയാസങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്ത് മുന്നോട്ടു പോകുന്നവരോടൊപ്പം അല്ലാഹുവുണ്ടാകുമെന്ന് സുവിശേഷം നൽകികൊണ്ട് സൂറഃ സമാപിക്കുകയാണ്. ഇവിടെ പരാമർശിക്കുന്ന جهاد സൂറയുടെ തുടക്കത്തിൽ 6-ാം സൂക്തത്തിൽ പരാമർശിച്ച ജിഹാദ് തന്നെയാണ്. അതെന്താണെന്ന് പ്രസ്തുത സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. فِينَا (നമ്മിൽ) എന്നതുകൊണ്ടുദ്ദേശ്യം അല്ലാഹുവിലും അവന്റെ ദീനിലുമുള്ള വിശ്വാസത്തിന്റെയും കൂറിന്റെയും വിധേയത്വത്തിന്റെയും മാർഗത്തിൽ അഥവാ അവന്റെ പ്രീതി നേടാനുള്ള മാർഗത്തിൽ എന്നാണ്. لَنَهْدِيَنَّهُمْ سُبُلَنَا എന്നാൽ അല്ലാഹുവിന്റെ പ്രീതി നേടാനുള്ള മാർഗങ്ങളെല്ലാം അല്ലാഹു തന്നെ അവർക്കു തുറന്നുകൊടുക്കുകയും അതിലൂടെയുള്ള അവരുടെ സഞ്ചാരം എളുപ്പമാക്കുകയും ചെയ്യും. ഈ വാഗ്ദാനം മൂന്നു കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ദീനും ദുൻയാവും ആഖിറത്തുമാണവ. അതായത്, അവർക്ക് ദീൻ പ്രചരിപ്പിക്കാനും അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യവും സൗകര്യവും ലഭ്യമാകും. അവർ ഇപ്പോൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കപ്പെടും. പരലോകത്ത് സ്വർഗത്തിലേക്കുള്ള സുഗമമായ പാതയും അവർക്കുവേണ്ടി ഒരുക്കപ്പെടും. ഈ മൂന്നു വാഗ്ദാനങ്ങളും ഹിജ്റക്കു ശേഷം മക്കാ വിമോചനത്തോടെ നിറവേറ്റപ്പെടുകയുണ്ടായി.

وَإِنَّ اللَّهَ لَمَعَ الْمُحْسِنِينَ എന്ന വാക്യം പ്രതിബന്ധങ്ങളോടും പ്രയാസങ്ങളോടും മല്ലിട്ടുകൊണ്ട് ദീനീമാർഗത്തിൽ മുന്നോട്ടു പോകുന്നവർക്ക് അവരുടെ പ്രവർത്തനം സുഗമമാക്കിക്കൊടുക്കുമെന്ന വാഗ്ദാനത്തിനു പുറമെ നൽകപ്പെടുന്ന മഹത്തായ സുവിശേഷമാണ് അല്ലാഹുവിന്റെ സാന്നിധ്യം معيّة കൊണ്ട് അനുഗൃഹീതരാവുക എന്നത്. ഈ സാന്നിധ്യം ലഭിക്കാൻ ഒരു നിബന്ധനയുണ്ട്. അവർ محسنون ആയിരിക്കണം എന്നതാണത്. നല്ല കാര്യങ്ങൾ നല്ല രീതിയിൽ ചെയ്യുകയാണ് احسان. അങ്ങനെ ചെയ്യുന്നവരാണ് محسنون.

ബുദ്ധിമുട്ടുകളും വിപത്തുകളും നേരിടുമ്പോൾ പതറാതെ, പരിഭ്രമിക്കാതെ, ന്യായത്തിന്റെയും മിതത്വത്തിന്റെയും അതിരു ലംഘിക്കാതെ, ശാന്തചിത്തരായി അല്ലാഹുവിൽ സർവം സമർപ്പിച്ചുകൊണ്ട് ദൃഢപാദരായി സത്യത്തിലും ധർമത്തിലും നീതിയിലും ചരിക്കുകയാണ് ദീനിയായ احسان. അത്തരക്കാരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കും. അവരുടെ നീക്കങ്ങളെ അവൻ സഹായിച്ചുകൊണ്ടിരിക്കും. അവരുടെ ശ്രമം ഭൗതികദൃഷ്ട്യാ പരാജയമായാലും പരലോകത്ത് വിജയമായി കുറിക്കപ്പെടും. അവരതു ചെയ്തിട്ടുള്ളത് ആത്മാർഥമായ സദുദ്ദേശ്യത്തോടെയും ചെയ്യേണ്ട ശരിയായ രീതിയിലുമാണെന്നതിന് അല്ലാഹുവിന്റെ സാക്ഷ്യമുണ്ടല്ലോ.

അല്ലാഹുവിന്റെ അപാരമായ കൃപയാൽ സൂറഃ *അൽ അൻകബൂത്തി*ന്റെ ബോധനം ഇവിടെ സമാപിക്കുന്നു - الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ●